**കേരള സർക്കാർ**

**സംഗ്രഹം**

വിദ്യാഭ്യാസ വകുപ്പിലെ അനദ്ധ്യാപക ജീവനക്കാർക്ക് അദ്ധ്യാപക തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് കെ ടെറ്റ് പാസാകുന്നതിന് അദ്ധ്യാപക തസ്തികയിലെ പോലെ ഇളവ് - അനുവദിച്ച് ഉത്തരവാകുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ)വകുപ്പ്

സ.ഉ(അച്ചടി) നം.07/2017/പൊവിവ തീയതി, തിരുവനന്തപുരം, 07/04/2017

---

പരാമർശം: 1. സ.ഉ.(പി) നം.244/12/പൊവിവ തീയതി 25/07/2012
2. സ.ഉ.(പി) നം.294/12/പൊവിവ തീയതി 20/09/2012
3. സ.ഉ.(പി) നം.145/2016/ പൊവിവ തീയതി 30/08/2016

**ഉത്തരവ്**

കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അദ്ധ്യാപക തസ്തികകൾക്ക് ടെറ്റ് യോഗ്യതയായി നിഷ്കർഷിച്ചിട്ടുണ്ട്. 31/03/2012 ന് മുൻപ് സംസ്ഥാന സർവ്വീസിൽ നിയമിതരായ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയായ കെ. ടെറ്റ് പരീക്ഷ പാസാകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 2012-13 അധ്യയന വർഷത്തിൽ നിയമനാംഗീകാരം നൽകിയ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ 2018 നുള്ളിൽ കെ. ടെറ്റ് യോഗ്യത കരസ്ഥമാക്കേണ്ടതാണ്.

സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾക്കും കെ. ടെറ്റ് നിർബന്ധിത യോഗ്യതയാക്കി ഉത്തരവായിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പിലെ അനദ്ധ്യാപക ജീവനക്കാർക്ക് അദ്ധ്യാപക തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് കെ ടെറ്റ് പാസാകുന്നതിന് ഇളവ് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വിദ്യാഭ്യാസ വകുപ്പിലെ അനദ്ധ്യാപക

ജീവനക്കാരായ ക്ളർക്ക് / ടൈപ്പിസ്റ്റ് / അറ്റൻഡർ /ഓഫീസ് അറ്റൻഡന്റ് എന്നിവർക്ക് പി. എസ്. സി. യുടെ തസ്തികമാറ്റം മുഖേനയുള്ള അദ്ധ്യാപക തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് അദ്ധ്യാപകർക്കെന്നപോലെ 31/03/2018 നുള്ളിൽ കെ ടെറ്റ് ടെസ്റ്റ് യോഗ്യത നേടണമെന്ന നിർദ്ദേശത്തോടെ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സുജാത കെ. എൻ
അഡീഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം( ആമുഖ കത്ത് ഉൾപ്പെടെ)

എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ/ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും

(ഡി.പി.ഐ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ) കേരളം,തിരുവനന്തപുരം

ഡയറക്ടർ, ഐ& പി ആർ ഡി.തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം

ഡയറക്ടർ, എസ്. സി.ഇ.ആർ.ടി, തിരുവനന്തപുരം

ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ